കെ.എസ്.ഐ.ഡി.സി. വഴിയുള്ള സ്വകാര്യനിക്ഷേപം

23 [3537] *ശ്രീ. എം. എ. വാഹീദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005-2006 സാമ്പത്തികവർഷം കെ.എസ്.ഐ.ഡി.സി. മുഖാന്തിരം എന്തു തുകയുടെ സ്വകാര്യനിക്ഷേപം സംസ്ഥാനത്ത് നടത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ;

(ബി) ഈ കാലയളവിൽ സംസ്ഥാനത്ത് പൊതുമേഖലാ സ്ഥാപനങ്ങളിൽ എത്ര രൂപയുടെ സർക്കാർ നിക്ഷേപം നടത്തുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കെ.എസ്.ഐ.ഡി.സി.യുടെ ധനസഹായത്തോടെ ഇപ്പോൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലിരിക്കുന്ന 33 പദ്ധതികളിൽ 19 എണ്ണം 2005-2006 സാമ്പത്തികവർഷം പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിലൂടെ ആകെ 141 കോടി രൂപയുടെ നിക്ഷേപം നടത്താനാണ് കെ.എസ്.ഐ.ഡി.സി. ഉദ്ദേശിക്കുന്നത്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) വിവരം ശേഖരിച്ചുവരുന്നു.

കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോർപ്പറേഷൻ ധനസഹായം നൽകിയ വ്യവസായങ്ങൾ

24 [3538] *ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:*
„ *വി. ഡി. സതീശൻ:*
„ *പി. ജെ. ജോയി:*
„ *കെ. സി. ജോസഫ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോർപ്പറേഷൻ ധനസഹായം നൽകിയ എത്ര വ്യവസായങ്ങൾ ഇക്കഴിഞ്ഞ 4 വർഷത്തിനുള്ളിൽ പൂട്ടിപ്പോയിട്ടുണ്ട്;

(ബി) ഇവയിൽ എത്രയെണ്ണം കോർപ്പറേഷൻ ഏറ്റെടുത്തവയാണ്;

(സി) ഇവ പൂട്ടുന്ന സന്ദർഭത്തിൽ ഇവയിൽനിന്ന് മുതൽ, പലിശ എന്നീ ഇനങ്ങളിൽ എന്തു തുക കിട്ടുവാനുണ്ടായിരുന്നു;

(ഡി) ഈ തുക മുഴുവൻ ഈടാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)—(ഡി) വിവരം ശേഖരിച്ചുവരുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly